ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:30.07.2025**

## പ്രധാനവാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ മൂന്ന് ദിവസത്തെ പശ്ചിമ ബംഗാൾ, ഝാർഖണ്ഡ് സന്ദർശനത്തിന് ഇന്ന് തുടക്കമാകും.

2. ഓപ്പറേഷൻ സിന്ദൂറിനെ കുറിച്ചുള്ള പ്രത്യേക ചർച്ച രാജ്യസഭയിൽ തുടരുന്നു

3. -ഐ എസ് ആർ ഒ യുടെയും നാസയുടെയും സംയുക്ത ദൗത്യമായ - നിസാർ ഉപഗ്രഹം ഇന്ന് വൈകിട്ട് ശ്രീഹരിക്കോട്ടയിൽ നിന്ന് കുതിച്ചുയരും

4. -വയനാട് മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിന് ഇന്ന് ഒരാണ്ട്.

5. മുണ്ടക്കൈ-ചൂരൽമലയിൽ പുനരധിവാസം പൂർത്തിയാകുന്നത് വരെ വാടകവീടുകളിൽ കഴിയുന്നവർക്ക് ധനസഹായം നൽകുമെന്ന് മുഖ്യമന്ത്രി പിണറായി
   വിജയൻ. പുനരധിവാസപ്രക്രിയയിൽ സർക്കാർ പരാജയമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ.

RNU TVPM

6. **കേരളത്തിൽ ശക്തമായ കാറ്റിനും വടക്കൻ ജില്ലകളിൽ ഒറ്റപ്പെട്ട മഴയ്ക്കും സാധ്യത. കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.**

&&&&&&&&&&&&&&&&&&

**രാഷ്ട്രപതി**

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ മൂന്ന് ദിവസത്തെ പശ്ചിമ ബംഗാൾ, ജാർഖണ്ഡ് സന്ദർശനത്തിന് ഇന്ന് തുടക്കമാകും. പശ്ചിമ ബംഗാളിലെ കല്യാണിയിലുള്ള എയിംസിന്റെ ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി പങ്കെടുക്കും.

&&&&&&&&&&&&&&&&&&

**പാർലമെൻറ്**

പാർലമെന്റിന്റെ വർഷകാല സമ്മേളനം തുടരുന്നു. വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് രാജ്യസഭാ അൽപനേരം നിർത്തി വച്ചെങ്കിലും 12 മണിക്ക് സമ്മേളനം പുനരാരംഭിച്ചു. ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച ചർച്ചകളാണ് രാജ്യസഭയിൽ പുരോഗമിക്കുന്നത്. ലോക്സഭയിലും നടപടിക്രമങ്ങൾ തുടരുകയാണ്.

&&&&&&&&&&&&&&&&&&

**ഐ എസ് ആർ ഒ**

PNU TVPM

ഐ എസ് ആർ ഒ യുടെയും നാസയുടെയും പ്രഥമ സംയുക്ത ദൗത്യമായ - നിസാർ ഉപഗ്രഹ വിക്ഷേപണത്തിനായുള്ള കൗണ്ട്ഡൗൺ പുരോഗമിക്കുന്നു. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്നും ഇന്ന് വൈകുന്നേരം 5.40 ന് ജിഎസ്എൽവി-എഫ് 16 റോക്കറ്റ് ഉപയോഗിച്ചാണ് വിക്ഷേപണം.

&&&&&&&&&&&&&&&&&&

## വയനാട് ഉരുൾപൊട്ടൽ

വയനാട് മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിന് ഒരാണ്ട്. കഴിഞ്ഞ ജൂലൈ 30 നാണ് മേപ്പാടി ഗ്രാമപഞ്ചായത്തിലെ രണ്ട് ഗ്രാമങ്ങളെയൊന്നാകെ തുടച്ചു നീക്കിയ മഹാദുരന്തമുണ്ടായത്. അതിജീവിതർക്കായി സംസ്ഥാന സർക്കാർ ഒരുക്കുന്ന മാതൃകാ ടൗൺഷിപ്പിന്റെ നിർമാണം അതിവേഗം പുരോഗമിക്കുകയാണ്. എൽസ്റ്റൺ എസ്റ്റേറ്റിൽ നിർമിക്കുന്ന മാതൃകാ ടൗൺഷിപ്പിലെ 410 വീടുകളിൽ 1662 പേർക്കാണ് തണലൊരുങ്ങുന്നത്. ദുരന്തത്തിൽ 298 പേർ മരിച്ചതായും 32 പേരെ കാണാതായതയുമാണ് ഔദ്യോഗിക കണക്കുകൾ. ദുരന്തബാധിത പ്രദേശത്ത് ഇന്ന് സർവമത പ്രാർത്ഥനയും, അനുസ്മരണ സമ്മേളനവും നടക്കുന്നുണ്ട്.

RIJU TVPM

&&&&&&&&&&&&&&&&&&

**വിലങ്ങാട് ( ഇൻട്രോ )**

കോഴിക്കോട് ജില്ലയിലെ മലയോര ഗ്രാമമായ വിലങ്ങാടിലും 2024 ജൂലായ് 30 ന് പുലർച്ചെയാണ് ഉരുൾ പൊട്ടൽ ദുരിതം വിതച്ചത്. യഥാസമയം മുന്നറിയിപ്പുകൾ നൽകി പ്രദേശവാസികളെ ഒഴിപ്പിക്കാൻ സാധിച്ചതിലൂടെ വലിയ തോതിലുള്ള ആളപായം കുറക്കാനായി.

***കോഴിക്കോട് നിന്നും ആകാശവാണി ജില്ലാ പ്രതിനിധി നസീർ ബാബു തയ്യാറാക്കിയ റിപ്പോർട്ട്..... ( വോയിസ്.... )***

&&&&&&&&&&&&&&&&&&

**മുഖ്യമന്ത്രി വയനാട്**

RNU TVPM

പ്രതിസന്ധികളെ ആത്മവിശ്വാസം കൈവിടാതെ ഒറ്റക്കെട്ടായി മറികടക്കുന്ന കേരള മാതൃകയുടെ മഹത്തായ പ്രതീകങ്ങളിൽ ഒന്നാണ് മുണ്ടക്കൈ-ചൂരൽമലയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പുനരധിവാസം പൂർത്തിയാകുന്നത് വരെ വാടകവീടുകളിൽ കഴിയുന്നവർക്കുള്ള ധനസഹായം തുടരും. പുനരധിവാസത്തിന് 2025 ജൂൺ 25 വരെ ആകെ 770 കോടി 76 ലക്ഷം രൂപയാണ് ദുരിതാശ്വാസനിധിയിലേക്ക് ലഭിച്ചത്. ഇതിൽ നിന്നും 91 കോടി 73 ലക്ഷം രൂപ ചെലവഴിച്ചെന്നും മുഖ്യമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&&

**വി ഡി സതീശൻ**

വയനാട്ടിലെ രക്ഷാ- ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും പുനരധിവാസ പ്രവർത്തനങ്ങൾക്കും പൂർണ്ണ പിന്തുണയാണ് കേരളത്തിലെ പ്രതിപക്ഷം നൽകിയതെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. എന്നാൽ ദുരിതബാധിതരുടെ പട്ടിക തയ്യാറാക്കുന്നതിലും പുനരധിവാസപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിലും സർക്കാർ പരാജയപ്പെട്ടെന്ന് അദ്ദേഹം വിമർശിച്ചു.

&&&&&&&&&&&&&&&&&&&

**ട്രോളിംഗ്-കൊല്ലം-ഇൻട്രോ**

RNU TVPM

52 ദിവസം നീണ്ട ട്രോളിങ് നിരോധനം നാളെ അർധരാത്രിയോടെ

അവസാനിക്കും. പ്രതീക്ഷയോടെ പുതിയ സീസണിനായുള്ള തയ്യാറെടുപ്പിലാണ് യന്ത്രവത്കൃത മത്സ്യബന്ധനമേഖല.

***വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ............***

***(വോയിസ്)***

&&&&&&&&&&&&&&&&&&

## കരട് വോട്ടർപട്ടിക

തദ്ദേശ തെരഞ്ഞെടുപ്പിനുള്ള കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ച ശേഷം പേര് ഉൾപ്പെടുത്താൻ ഇതുവരെ ലഭിച്ചത് മൂന്നേമുക്കാൽ ലക്ഷത്തോളം അപേക്ഷ. ആഗസ്റ്റ് ഏഴുവരെ പേരു ചേർക്കാനും തിരുത്താനും അവസരമുണ്ട്. 30ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&&&&&

## സംസ്ഥാനം -മഴ

കേരളത്തിൻറെ വടക്കൻ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. കേരളം, കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

RNU TVPM

&&&&&&&&&&&&&&&&&&

## ശക്തമായ കാറ്റ്

സംസ്ഥാനത്ത് ശക്തമായ കാറ്റ് വരും ദിവസങ്ങളിലും തുടരും. 50 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റി ന് സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം.

&&&&&&&&&&&&&&&&&&

## മുതലപ്പൊഴി-ഇൻട്രോ

മുതലപ്പൊഴി തുറമുഖ നവീകരണ പദ്ധതിയുടെ നിർമാണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നിർവഹിക്കും.

***വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്....***

***(വോയിസ്)***

&&&&&&&&&&&&&&&&&&

**നിറപുത്തരി**

ഇന്ന് നിറപുത്തരി. സംസ്ഥാനത്തെ ക്ഷേത്രങ്ങളിൽ പ്രത്യേക ചടങ്ങുകൾ നടന്നു. തിരുവനന്തപുരത്തെ ശ്രീ പദ്മനാഭ സ്വാമി ക്ഷേത്രത്തിൽ നടന്ന നിറ പുത്തരി ചടങ്ങിൽ വലിയ ഭക്തജന തിരക്കാണ് അനുഭവപ്പെട്ടത്. പത്മ തീർത്ഥത്തിന്റെ തെക്കേ കൽമണ്ഡപത്തിനു സമീപത്തു നിന്ന് ഘോഷയാത്രയായി കതിർക്കറ്റകൾ പത്മനാഭ സ്വാമിയുടെയും ഉപ ദേവതകളുടെയും ശ്രീകോവിലുകളിൽ എത്തിച്ച് കതിർ നിറച്ചു.

&&&&&&&&&&&&&&&&&&

**ശബരിമല-നിറപുത്തരി**

RNI TVPM

ഭക്തിസാന്ദ്രമായി ശബരിമലയിൽ നിറപുത്തരി പൂജ നടന്നു. വലിയ തിരക്കാണ് സന്നിധാനത്ത് അനുഭവപ്പെടുന്നത്.

&&&&&&&&&&&&&&&&&&

**സൂപ്പർ റിയാലിറ്റി ഡോം തീയേറ്റർ-ഇൻട്രോ**

മൂന്നാറിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് സാഹസികതയും വിനോദവും പകരുന്ന പുതിയ ഡോം തീയേറ്റർ പദ്ധതിയുമായി ഡിറ്റിപിസി. മൂന്നാർ ഗവ. ബോട്ടാണിക്കൽ ഗാർഡനിലാണ് 360 ഡിഗ്രി സൂപ്പർ റിയാലിറ്റി ഡോം തീയേറ്റർ നിർമിച്ചത്.

***വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...................***

***(വോയിസ്)***

&&&&&&&&&&&&&&&&&&

**മനുഷ്യക്കടത്ത്**

ഇന്ന് മനുഷ്യക്കടത്തിനെതിരെയുള്ള അന്താരാഷ്ട്ര ദിനം. " മനുഷ്യക്കടത്ത് സംഘടിത കുറ്റകൃത്യം - ചൂഷണം അവസാനിപ്പിക്കുക " എന്നതാണ് ഈ വർഷത്തെ ദിനാചരണത്തിൻറെ പ്രമേയം.

&&&&&&&&&&&&&&&&&&

RNUTVPM

## ക്രിക്കറ്റ് ടെസ്റ്റ്

ഇന്ത്യ-ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അഞ്ചാമത്തെയും അവസാനത്തെയും മത്സരം നാളെ വൈകിട്ട് 3.30ന് ഓവലിൽ ആരംഭിക്കും. പരമ്പരയിൽ 2-1ന് ഇംഗ്ലണ്ട് മുന്നിലാണ്. നാലാം ടെസ്റ്റിലെ സമനില നേട്ടം ഇന്ത്യക്ക് ആത്മവിശ്വാസം പകർന്നിട്ടുണ്ടെങ്കിലും പരമ്പര നഷ്ടപ്പെടാതിരിക്കണമെങ്കിൽ വിജയം അനിവാര്യമാണ്.

&&&&&&&&&&&&&&&&&&

## ജമ്മു - തീവ്രവാദികളെ വധിച്ചു

ജമ്മു കശ്മീരിൽ പൂഞ്ച് സെക്ടറിൽ നിയന്ത്രണ രേഖ കടക്കാൻ ശ്രമിച്ച രണ്ട് ലഷ്കർ-ഇ-തൊയ്ബ ഭീകരവാദികളെ സുരക്ഷാ സേന വധിച്ചു. ഇന്ന് പുലർച്ചെ നടന്ന ഏറ്റുമുട്ടലിലാണ് ഭീകരരെ വധിച്ചത്.

RNU TVPM

&&&&&&&&&&&&&&&&&&

## ഓഹരി + സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 120 പോയിന്റ് ഉയർന്ന് 81,451 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 31 പോയിന്റ് നേട്ടത്തിൽ 24,853 ലും വ്യാപാരം തുടരുന്നു.

സ്വർണ്ണവില കൂടി. പവന് 480 രൂപ വർധിച്ച് 73,680 രൂപയും ഗ്രാമിന് 9210 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

**വയോജന നയം**

മുതിർന്ന പൗരന്മാർക്കായി സാമൂഹ്യ നീതി വകുപ്പ് തയ്യാറാക്കിയ കേരള സംസ്ഥാന വയോജന നയത്തിന്റ കരട് സംബന്ധിച്ച പരാതികളും അഭിപ്രായങ്ങളും പൊതുജനങ്ങൾക്ക് അറിയിക്കാം. അഭിപ്രായങ്ങൾ ആഗസ്റ്റ് 31 നകം നൽകണം.

&&&&&&&&&&&&&&&&&&

RNUTVPM

**ഡീലിമിറ്റേഷൻ കമ്മീഷൻ ഹിയറിങ്**

സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത് വാർഡ് വിഭജന കരട് നിർദ്ദേശങ്ങൾ സംബന്ധിച്ച് പരാതി നൽകിയവർക്കായി നാളെ തിരുവനന്തപുരം തൈക്കാട് ഡീലിമിറ്റേഷൻ കമ്മീഷൻ ഹിയറിങ് സംഘടിപ്പിക്കുന്നു. നിശ്ചിത സമയപരിധിക്ക് മുൻപ് പരാതി നൽകിയവർക്ക് മാത്രമാണ് ഹിയറിങ്ങിൽ പങ്കെടുക്കാൻ അവസരം.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

RNU TVPM